LIBRARY ARCHIVES Kerala Legislative Assembly

വഴിയോരം പദ്ധതിയുടെ സബ്സിഡി

252 [1203] *ശ്രീ. എൻ. രാജൻ:*

„ *മാങ്കോട് രാധാകൃഷ്ണൻ:*

„ *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരം വകുപ്പിന്റെ കീഴിൽ വഴിയോരം പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇത്തരം വഴിയോരകേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാര കോർപ്പറേഷന്റെ കീഴിൽ ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; എവിടെയെല്ലാം;

(ഡി) ഇത്തരം പദ്ധതിക്കായി എത്ര തുക സബ്സിഡി അനുവദിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യവസ്ഥകൾ അനുബന്ധമായി (എ)† ചേർത്തിട്ടുണ്ട്.

(സി) വഴിയോരം പദ്ധതി വിഭാവനം ചെയ്യുന്നതരത്തിലുള്ള കേന്ദ്രങ്ങളൊന്നും കെ.ടി.ഡി.സി.യുടെ കീഴിൽ ഇല്ല. കെ.ടി.ഡി.സി.യുടെ കീഴിലുള്ള വഴിയോര കേന്ദ്രങ്ങളുടെ വിവരം അനുബന്ധം (ബി)† ആയി ചേർത്തിട്ടുണ്ട്.

(ഡി) ഒരു പദ്ധതിക്ക് മുടക്കുമുതലിന്റെ 25% (പരമാവധി 7 ലക്ഷം രൂപ) വരെയാണ് സബ്സിഡി നിശ്ചയിച്ചിട്ടുള്ളത്. യൂണിറ്റ് പൂർത്തീകരിച്ചതിനുശേഷം മാത്രമേ സബ്സിഡി അനുവദിക്കുകയുള്ളൂ. ആയതിനാൽ പദ്ധതിക്ക് എത്ര തുക വേണ്ടിവരുമെന്ന് ഇപ്പോൾ കണക്കാക്കാറായിട്ടില്ല. നടപ്പ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം

253 [1205] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

†അനുബന്ധം XIV A & B.

(എ) കേരളത്തിൽ കഴിഞ്ഞവർഷം സന്ദർശനം നടത്തിയ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ സന്ദർശനം നടത്തുന്ന വിനോദ സഞ്ചാരികളുടെ എണ്ണം വർഷംതോറും കുറയുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ കഴിഞ്ഞവർഷം (2004) സന്ദർശനം നടത്തിയ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 59,72,182 ആണ്.

(ബി) ഇല്ല. ഓരോ വർഷവും വിനോദസഞ്ചാരികളുടെ എണ്ണം കൂടുന്നതായിട്ടാണ് കണ്ടുവരുന്നത്.

(സി) 2003 ഡിസംബർ മാസം മുതൽ 3 വർഷത്തേക്ക് ഒരു പഠനം നടത്തുന്നതിന് ന്യൂഡൽഹിയിലെ ഡേറ്റാമേഷൻ കൺസൾട്ടൻസിയെ ഏല്പിച്ചിരിക്കുകയാണ്.

ഓണാഘോഷ പരിപാടികൾ

254 [1206] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ ഓണാഘോഷവേളയിൽ സംസ്ഥാനത്തേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കാൻ സർക്കാർ എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പരിപാടികൾക്കായി എന്തു തുക ചെലവഴിക്കാനാണ് സർക്കാർ തീരുമാനിച്ചതെന്ന് വിശദമാക്കാമോ;

(സി) ഓണാഘോഷങ്ങൾ കാണാൻ വിദേശത്തുനിന്നും 2001 മുതൽ എത്ര വിനോദസഞ്ചാരികൾ വന്നെത്തിയെന്ന കണക്ക് വർഷം തിരിച്ച് വിശദമാക്കാമോ;

(ഡി) ഇത് വർദ്ധിപ്പിക്കാൻ ഈ ഓണക്കാലത്ത് എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2005-ലെ ഓണാഘോഷം സംസ്ഥാനത്തേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുംവിധം വിപുലമായി നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും അതിവിപുലമായ രീതിയിലാവും ഇത്തവണ ഓണാഘോഷം സംഘടിപ്പിക്കുക. കേരളത്തിന്റെ തനതായ കലകളുടെ

LIBRARY ARCHIVES Kerala Legislative Assembly